നാല്

എന്തിനാണ് ദഅ്വത്ത്? (c)

എന്താണ് ദഅ്വത്ത് ചെയ്യേണ്ടത്?

قُلْ هَٰذِهِۦ سَبِيلِىٓ أَدْعُوٓا۟ إِلَى ٱللَّهِ ۚ عَلَىٰ بَصِيرَةٍ أَنَا۠ وَمَنِ ٱتَّبَعَنِى ۖ وَسُبْحَٰنَ ٱللَّهِ وَمَآ أَنَا۠ مِنَ ٱلْمُشْرِكِينَ

"(നബിയേ) പറയുക! ഇതാണ് എന്റെ മാർഗം. ദൃഢബോധ്യത്തോടുകൂടി അല്ലാഹുവിലേക്ക് ഞാൻ ക്ഷണിക്കുന്നു. ഞാനും എന്നെ പിൻപറ്റിയവരും. അല്ലാഹു എത്ര പരിശുദ്ധൻ! ഞാൻ (അവനോട്) പങ്ക് ചേർക്കുന്ന കൂട്ടത്തിലല്ലതന്നെ" (12:108).

ٱدْعُ إِلَىٰ سَبِيلِ رَبِّكَ بِٱلْحِكْمَةِ وَٱلْمَوْعِظَةِ ٱلْحَسَنَةِ

"യുക്തിദീക്ഷയോടുകൂടിയും സദുപദേശംമുഖേനയും നിന്റെ രക്ഷിതാവിന്റെ മാർഗത്തിലേക്ക് നീ ക്ഷണിച്ചുകൊള്ളുക....." (16:125)

അതായത് ഇസ്‌ലാമിലേക്ക് അഥവാ മുഹമ്മദ് നബി (ﷺ) മുഖേന അല്ലാഹു അവതരിപ്പിച്ച സത്യമതത്തിലേക്കാണ് ക്ഷണിക്കേണ്ടത്. വ്യക്തികളിലേക്കോ കക്ഷിത്വത്തിലേക്കോ മനുഷ്യനിർമിത പ്രത്യയശാസ്ത്രങ്ങളിലേക്കോ മദ്ഹബുകളിലേക്കോ അല്ല. അതിൽ അതിപ്രധാനമായ സംഗതി കറകളഞ്ഞ ഏകദൈവ വിശ്വാസമാണ്. അല്ലാഹുവിലും അവന്റെ ദൂതന്മാരിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും അല്ലാഹുവും അവന്റെ ദൂതനും അറിയിച്ച എല്ലാറ്റിനെയും സത്യപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. ഇതാണ് നേരായ പാതയുടെ അടിത്തറ. അതായത് അല്ലാഹുവല്ലാതെ മറ്റാരും ആരാധനക്കർഹനല്ലെന്നും മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണെന്നുമുള്ള സത്യസാക്ഷ്യത്തിലേക്കായിരിക്കണം പ്രഥമമായ പ്രബോധനം. പ്രവാചകന്മാരഖിലവും അവരുടെ ജനതയോട് പ്രഥമമായി പ്രബോധനം ചെയ്തത് ഈ അടിസ്ഥാന വിഷയംതന്നെയായിരുന്നു.

ഒന്നാമത്തെ റസൂലായ നൂഹ് നബി(ﷺ):

لَقَدْ أَرْسَلْنَا نُوحًا إِلَىٰ قَوْمِهِۦ فَقَالَ يَٰقَوْمِ ٱعْبُدُوا۟ ٱللَّهَ مَا لَكُم مِّنْ إِلَٰهٍ غَيْرُهُۥٓ إِنِّىٓ أَخَافُ عَلَيْكُمْ عَذَابَ يَوْمٍ عَظِيمٍ

“നൂഹിനെ അദ്ദേഹത്തിൻെറ ജനതയിലേക്ക് നാം അയക്കുകയുണ്ടായി. എന്നിട്ട് അദ്ദേഹം പറഞ്ഞു: എൻെറ ജനങ്ങളേ, നിങ്ങൾ അല്ലാഹുവെ ആരാധിക്കുവിൻ. അവനല്ലാതെ നിങ്ങൾക്ക് ഒരു ദൈവവുമില്ല. തീർച്ചയായും ഭയങ്കരമായ ഒരു ദിവസത്തെ ശിക്ഷ നിങ്ങൾക്കു (വന്നുഭവിക്കുമെന്ന്) ഞാൻ ഭയപ്പെടുന്നു” (7:59).

ഹൂദ് നബി(ﷺ):

وَإِلَىٰ عَادٍ أَخَاهُمْ هُودًا ۗ قَالَ يَٰقَوْمِ ٱعْبُدُوا۟ ٱللَّهَ مَا لَكُم مِّنْ إِلَٰهٍ غَيْرُهُۥٓ ۚ أَفَلَا تَتَّقُونَ

“ആദ് സമുദായത്തിലേക്ക് അവരുടെ സഹോദരനായ ഹൂദിനെയും (അയച്ചു). അദ്ദേഹം പറഞ്ഞു: എൻെറ ജനങ്ങളേ, നിങ്ങൾ അല്ലാഹുവെ ആരാധിക്കുവിൻ. നിങ്ങൾക്ക് അവനല്ലാതെ ഒരു ദൈവവുമില്ല. നിങ്ങളെന്താണ് സൂക്ഷ്മത പുലർത്താത്തത്?” (7:65).

സ്വാലിഹ്നബി (ﷺ):

وَإِلَىٰ ثَمُودَ أَخَاهُمْ صَٰلِحًا ۗ قَالَ يَٰقَوْمِ ٱعْبُدُوا۟ ٱللَّهَ مَا لَكُم مِّنْ إِلَٰهٍ غَيْرُهُۥ

“ഥമൂദ് സമുദായത്തിലേക്ക് അവരുടെ സഹോദരൻ സ്വാലിഹിനെയും (നാം അയച്ചു). അദ്ദേഹം പറഞ്ഞു: എൻെറ ജനങ്ങളേ, നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ. അവനല്ലാതെ നിങ്ങൾക്ക് ഒരു ദൈവവുമില്ല....” (7:73).

ശുഐബ്നബി (ﷺ):

وَإِلَىٰ مَدْيَنَ أَخَاهُمْ شُعَيْبًا ۗ قَالَ يَٰقَوْمِ ٱعْبُدُوا۟ ٱللَّهَ مَا لَكُم مِّنْ إِلَٰهٍ غَيْرُهُۥ

“മദ്യൻകാരിലേക്ക് അവരുടെ സഹോദരൻ ശുഐബിനെയും (അയച്ചു). അദ്ദേഹം പറഞ്ഞു: എൻെറ ജനങ്ങളേ, നിങ്ങൾ അല്ലാഹുവെ ആരാധിക്കുക. നിങ്ങൾക്ക് അവനല്ലാതെ ഒരു ദൈവവുമില്ല....” (7:85).

ഇബ്രാഹിം നബി (ﷺ):

وَإِبْرَٰهِيمَ إِذْ قَالَ لِقَوْمِهِ ٱعْبُدُوا۟ ٱللَّهَ وَٱتَّقُوهُ ۖ

“ഇബ്റാഹീമിനെയും (നാം അയച്ചു). അദ്ദേഹം തൻെറ ജനതയോടു പറഞ്ഞ സന്ദർഭം (ശ്രദ്ധേയമത്രെ): നിങ്ങൾ അല്ലാഹുവെമാത്രം ആരാധിക്കുകയും അവനെ സൂക്ഷിക്കുകയും ചെയ്യുക...”(29:16).

قَالَ أَغَيْرَ ٱللَّهِ أَبْغِيكُمْ إِلَٰهًا

“അദ്ദേഹം പറഞ്ഞു: അല്ലാഹുവല്ലാത്തവരെയാണോ ഞാൻ നിങ്ങൾക്കു ദൈവമായി അന്വേഷിക്കേണ്ടത്!...” (7:140).

إِنَّ ٱللَّهَ رَبِّى وَرَبُّكُمْ فَٱعْبُدُوهُ ۗ هَـٰذَا صِرَٰطٌ مُّسْتَقِيمٌ

"തീർച്ചയായും അല്ലാഹു എൻെറയും നിങ്ങളുടെയും രക്ഷിതാവാകുന്നു. അതിനാൽ അവനെ നിങ്ങൾ ആരാധിക്കുക. ഇതാകുന്നു നേരായ മാർഗം" (3:51).

മുഹമ്മദ് നബി (ﷺ):

قُلْ إِنَّمَآ أَدْعُوا۟ رَبِّى وَلَآ أُشْرِكُ بِهِۦٓ أَحَدًا

"(നബിയേ), പറയുക: ഞാൻ എൻെറ രക്ഷിതാവിനെ മാത്രമെ വിളിച്ചു പ്രാർഥിക്കുകയുള്ളു. അവനോട് യാതൊരാളെയും ഞാൻ പങ്കുചേർക്കുകയില്ല" (72:20).

قُلْ يَـٰٓأَهْلَ ٱلْكِتَـٰبِ تَعَالَوْا۟ إِلَىٰ كَلِمَةٍ سَوَآءٍۭ بَيْنَنَا وَبَيْنَكُمْ أَلَّا نَعْبُدَ إِلَّا ٱللَّهَ وَلَا نُشْرِكَ بِهِۦ شَيْـًٔا وَلَا يَتَّخِذَ بَعْضُنَا بَعْضًا أَرْبَابًا مِّن دُونِ ٱللَّهِ

"....വേദക്കാരേ, ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ സമമായുള്ള ഒരു വാക്യത്തിലേക്ക് നിങ്ങൾ വരുവിൻ. അതായത് അല്ലാഹുവെയല്ലാതെ നാം ആരാധിക്കാതിരിക്കുകയും അവനോട് യാതൊന്നിനെയും പങ്കുചേർക്കാതിരിക്കുകയും നമ്മളിൽ ചിലർ ചിലരെ അല്ലാഹുവിനുപുറമെ രക്ഷിതാക്കളാക്കാതിരിക്കുകയും ചെയ്യുക (എന്ന തത്ത്വത്തിലേക്ക്)...." (3:64).

വ്യത്യസ്തങ്ങളായ കാലങ്ങളിൽ വിഭിന്നങ്ങളായ നാടുകളിലേക്ക് കടന്നുവന്ന ദൈവദൂതന്മാർക്ക് പലതരത്തിലുള്ള തിന്മകളെ അഭിമുഖീകരിക്കേണ്ടിവന്നിരുന്നു. പക്ഷേ, അവരൊക്കെയും മാറ്റമില്ലാത്ത രീതിയിൽ ഒന്നാമതായി പോരാടിയത് ശിർക്ക് (ബഹുദൈവാരാധന) എന്ന കൊടും പാതകത്തിനെതിരിലായിരുന്നു. എന്നിട്ട് ഏകദൈവാരാധന (തൗഹീദ്) എന്ന മഹത്തരമായ നന്മ സ്ഥാപിക്കുകയായിരുന്നു അവർ. നബി(ﷺ) പറഞ്ഞു:

قال رسول الله صلى الله عليه وسلم : افضل ما قلت انا و النبيون من قبلي قول لا إله إلا الله. (الموطأ)

"ഞാനും എനിക്കുമുമ്പുള്ള പ്രവാചകന്മാരും പറഞ്ഞതിൽ ഏറ്റവും ഉൽകൃഷ്ടമായ വചനം അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല എന്നതാണ്" (മുവത്വ: ഇമാം മാലിക്).

അല്ലാഹു പറയുന്നു:

وَمَآ أَرْسَلْنَا مِن قَبْلِكَ مِن رَّسُولٍ إِلَّا نُوحِىٓ إِلَيْهِ أَنَّهُۥ لَآ إِلَـٰهَ إِلَّآ أَنَا۠ فَٱعْبُدُونِ

"ഞാനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്കു മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല" (21:25).

وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَّسُولًا أَنِ ٱعْبُدُوا ٱللَّهَ
وَٱجْتَنِبُوا ٱلطَّٰغُوتَ

"തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിനു വേണ്ടി)...." (16:36).

കാരണം തൗഹീദാണ് അടിത്തറ. അതില്ലാതിരുന്നാൽ മറ്റു നന്മകൾക്ക് സ്ഥായീഭാവമുണ്ടാവുകയില്ല. പാരത്രിക ജീവിതത്തിൽ അവ ഉപകരിക്കുകയുമില്ല. ശിർക്കാകട്ടെ ഏറ്റവും വലിയ തിന്മയുമാണ്. അത് മറ്റു നന്മകളെ നിഷ്ഫലമാക്കുകയും സ്വർഗപ്രവേശം തടയുകയും ചെയ്യും. അല്ലാഹുവിന് ഏറ്റവും വെറുപ്പുള്ള ശിർക്ക് പൊറുക്കപ്പെടാത്ത അപരാധവുമാണ്. അല്ലാഹു പറയുന്നു:

إِنَّ ٱللَّهَ لَا يَغْفِرُ أَن يُشْرَكَ بِهِۦ وَيَغْفِرُ مَا دُونَ ذَٰلِكَ لِمَن
يَشَآءُ ۚ وَمَن يُشْرِكْ بِٱللَّهِ فَقَدِ ٱفْتَرَىٰٓ إِثْمًا عَظِيمًا

"തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്. ആർ അല്ലാഹുവോട് പങ്കുചേർത്തുവോ അവൻ തീർച്ചയായും ഗുരുതരമായ ഒരു കുറ്റകൃത്യമാണ് ചമച്ചുണ്ടാക്കിയിരിക്കുന്നത്" (4:48).

അല്ലാഹുവോട് പങ്കുചേർക്കുന്നവർക്ക് സ്വർഗം നിഷിദ്ധമാക്കുമെന്ന് ഖുർആൻ 5:72ലും അവരുടെ കർമങ്ങൾ നിഷ്ഫലമാകുമെന്ന് 6:88ലും 39:65ലും പറയുന്നുണ്ട്.

ചുരുക്കത്തിൽ: മേൽവിവരിച്ചതിൽനിന്ന് താഴെ പറയുന്ന കാര്യങ്ങൾ നമുക്ക് ഗ്രഹിക്കാവുന്നതാണ്.

1. നന്മയിലേക്ക് നയിക്കലും തിന്മയിൽ നിന്ന് അകറ്റലുമായിരിക്കണം ദഅ്‌വത്തിന്റെ ലക്ഷ്യം.

2. അല്ലാഹുവിന്റെ ആദർശത്തിലേക്കായിരിക്കണം ക്ഷണിക്കേണ്ടത്; ഏതെങ്കിലും വ്യക്തികളിലേക്കോ കക്ഷിത്വങ്ങളിലേക്കോ ആയിരിക്കരുത്.

3. അതിൽ ഏറ്റവും പ്രധാനവും പ്രവാചകന്മാരഖിലവും പ്രഥമസ്ഥാനം നൽകിയതും സ്രഷ്ടാവും രക്ഷിതാവുമായ ഏകനായ അല്ലാഹുവിനെ മാത്രം ആരാധിക്കുക എന്ന ഇസ്‌ലാമിന്റെ അടിത്തറയായ തൗഹീദായിരുന്നു.

4. ഏറ്റവും വലിയ അപരാധമായ ബഹുദൈവാരാധന (ശിർക്ക്) സൽകർമങ്ങളെ നിഷ്ഫലമാക്കുകയും സ്വർഗപ്രവേശം തടയുകയും ചെയ്യും. അതിനാൽ ആ തിന്മക്കെതിരിലായിരിക്കണം ആദ്യ സമരം.

5. സുവ്യക്തവും പ്രമാണനിബദ്ധവും അതോടൊപ്പംതന്നെ മാന്യവുമായിരിക്കണം പ്രബോധനത്തിന്റെ ശൈലി.

തുടരും...